## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം: 6272

11.07.2012ൽ മറുപടിയ്ക്ക്

### വിദ്യാഭ്യാസ വായ്പ - ബലരാമൻ കമ്മിറ്റി ശുപാർശ

**ചോദ്യം**

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീ.റ്റി.വി.രാജേഷ്
ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീ. എസ്. രാജേന്ദ്രൻ

എ) വിദ്യാഭ്യാസ വായ്പയ്ക്ക് ഒരു വർഷം മൊറട്ടോറിയം പ്രഖ്യാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) ആയത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ;

സി നഴ്സിംഗ് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പ സംബന്ധിച്ച ബലരാമൻ കമ്മിറ്റി ശുപാർശ എന്തായിരുന്നു;

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

എ) & ബി) വിദ്യാഭ്യാസ വായ്പയ്ക്ക് ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കണമെന്ന ശുപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. BPL വിഭാഗത്തിന് ഇപ്പോൾ 6 മാസത്തെ മോറട്ടോറിയം നടപ്പിലാക്കിയിട്ടുണ്ട്.

സി) വിദ്യാഭ്യാസ വായ്പ സംബന്ധിച്ച ബലരാമൻ കമ്മിറ്റി ശുപാർശ ചുവടെ ചേർക്കുന്നു.

**'50.'** 'The Government may take an interim measure for declaring moratorium for the repayment of educational loan at least for one year or till a stable source of income is ensured to the deserving candidates. The Government may also consider waiving off

....(2)

such educational loans or reducing the EMI or make the loan interest free.'

ഡി) കമ്മിറ്റി ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

ഡി) ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

ഇ) വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കാൻ ബുദ്ധിമുട്ടുന്നവരുടെ കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഇ) ഉണ്ട്. വിദ്യാഭ്യാസ വായ്പ അടയ്ക്കുവാൻ ബുദ്ധിമുട്ടുന്ന കേസുകളിൽ അതാത് ബാങ്കിന്റെ നിയമ വ്യവസ്ഥകൾക്കുള്ളിൽ നിന്ന് പിഴപലിശ ഒഴിവാക്കുക, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പ തീർപ്പാക്കുക എന്നീ ഇളവുകൾ അർഹത അനുസരിച്ച് ബാങ്കുകൾ ചെയ്തു കൊടുക്കാറുണ്ട്. ഇത് സംസ്ഥാന സർക്കാർ SLBC മീറ്റിംഗങ്ങടക്കമുള്ളവയിൽ എടുത്ത നടപടിയുടെ ഫലമാണ്.

വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കാൻ സാധിക്കാതെ ബുദ്ധിമുട്ടുന്നവരെ സഹായിക്കുന്നതിന്റെ ഭാഗമായി 2004 മുതൽ 2009 വരെയുള്ള കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പ എടുക്കുകയും വിദ്യാഭ്യാസത്തെ തുടർന്ന് ജോലി കിട്ടാത്തതുമൂലം അവശത അനുഭവിക്കുന്നവരുമായ ബി.പി.എൽ വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ കാലത്തെ പലിശ ബാദ്ധ്യത ഏറ്റെടുക്കുന്നതിനുള്ള സ്കീം സർക്കാർ തയ്യാറാക്കി വരികയാണ്. ഇത് കൂടാതെ 2004 മുതൽ 2009 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ വായ്പ എടുത്ത് ജോലി

.....(3)

ലഭിക്കാത്ത ബി.പി.എൽ
വിഭാഗത്തിൽപ്പെട്ടവരുടെ വായ്പ
യിന്മേലുള്ള റവന്യൂ റിക്കവറി
നടപടികൾ 6 മാസത്തേയ്ക്ക്
നിർത്തിവയ്ക്കാനും ഉത്തര
വായിട്ടുണ്ട്. ബി.പി.എൽ.
വിഭാഗത്തിൽ ഉൾപ്പെടാത്ത
വരുടെ വായ്പയുടെ റവന്യൂ
റിക്കവറി നടപടികൾക്ക്
മോറട്ടോറിയം നൽകുന്ന കാര്യം
പരിശോധനയിലാണ്.

K.S. Sudha
സെക്ഷൻ ഓഫീസർ